ഏഴാം ഘട്ടം

**ഹോമിയോപ്പതി ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം**

വിഷയം:- ഹോമിയോപ്പതി വകുപ്പ്-ശബരിമല മഹോത്സവം **2011-2012** നോടനുബന്ധിച്ച് **ഏഴാം** ഘട്ട ഡ്യൂട്ടിയിൽ പമ്പ താൽക്കാലിക ഡിസ്പെൻസറിയിലെ മെഡിക്കലാഫീസറെ മാറ്റി നിയമിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഹോമിയോപ്പതി ഡയറക്ടറുടെ **20.12.2011** ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. പി 3/9078/2011/ഡി.എച്ച് തിരുവനന്തപുരം**
**തീയതി 3.1.2012.**

ശബരിമല മണ്ഡല / മകരവിളക്ക് മഹോത്സവം **2011-2012** നോടനുബന്ധിച്ച് പമ്പ/സന്നിധാനം എന്നിവിടങ്ങളിൽ താൽക്കാലിക ഡിസ്പെൻസറിയുടെ **ഏഴാം** ഘട്ടം **11.1. 2012** രാവിലെ 9 മണി മുതൽ **21.1. 2012** രാവിലെ 9 മണി വരെ പ്രവർത്തിക്കുന്നു. സൂചനയിലെ ഉത്തരവ് പ്രകാരം പമ്പ താൽക്കാലിക ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസറായി ഡോ. എ.റ്റി. സുരേഷ്, ഗവ.ഹോമിയോ ഡിസ്പെൻസറി, തരിയോട്, വയനാട് നിയമിച്ചിരുന്നു. തനിക്ക് ടി തീയതികളിൽ പമ്പ താൽക്കാലിക ഡിസ്പെൻസറിയിൽ ഡ്യൂട്ടിയ്ക്ക് പോകുവാൻ സാധിക്കാത്ത മതിയായ സാഹചര്യം ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ച സാഹചര്യത്തിൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു. പമ്പ താൽക്കാലിക ഡിസ്പെൻസറിയുടെ ഏഴാം ഘട്ട ഡ്യൂട്ടിയ്ക്കായി മെഡിക്കൽ ഓഫീസറായ ഡോ. എ.റ്റി. സുരേഷിനു പകരം ഡോ.മനോജ് കുര്യക്കോസ്, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, എടവണ്ണ, മലപ്പുറം നെ നിയമിച്ച് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥൻ സൂചന ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

**ഡോ.കെ.ജമുന**
**ഡയറക്ടർ**

കുറിപ്പ് - ഐഡന്റിറ്റി കാർഡ് ശബരിമല സുരക്ഷാ ഉദ്യോഗസ്ഥനിൽ നിന്നും നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

പകർപ്പ്: 1) ബന്ധപ്പെട്ട വ്യക്തികൾക്ക്. 2) സ്ഥാപനമേധാവികൾക്ക്.
3) ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട/മലപ്പുറം/വയനാട്.
4) ജി.എച്ച്.ഡി. സന്നിധാനം/പമ്പ. 5) ശബരിമല സുരക്ഷാ ഉദ്യോഗസ്ഥൻ.
6) ദേവസ്വം ബോർഡ് സെക്രട്ടറി.

ജെ.കെ.എഫ് 4.